ഫെൻസിംഗിൽ മലപ്പുറവും കണ്ണൂരും ജേതാക്കൾ

വി. കെ കൃഷ്ണ മേനോൻ ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന സംസ്ഥാന കേഡറ്റ് ഫെൻസിങ് ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ജേതാക്കളായ മലപ്പുറം ടീമിന് നോർത്ത് സോൺ ഐ. ജി കെ. സേതുരാമൻ ട്രോഫി സമ്മാനിക്കുന്നു.

കോഴിക്കോട്:സംസ്ഥാന കേഡറ്റ് ഫെൻസിങ് ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ മലപ്പുറവും പെൺകുട്ടികളുടെ വിഭാഗത്തിൽ കണ്ണൂരും ജേതാക്കളായി. ആൺകുട്ടികളിൽ തിരുവനന്തപുരവും പെൺകുട്ടികളിൽ തൃശൂരും രണ്ടാം സ്ഥാനം നേടി. ആൺകുട്ടികളുടെ വിഭാഗത്തിൽ വയനാടും പെൺകുട്ടികളുടെ വിഭാഗത്തിൽ തിരുവനന്തപുരവും മൂന്നാം സ്ഥാനം കരസ്ഥമാക്കി.സമാപന ചടങ്ങിൽ നോർത്ത് സോൺ ഐ.ജി കെ.സേതുരാമൻ ജേതാക്കൾക്ക് ട്രോഫി സമ്മാനിച്ചു. ഒ. രാജഗോപാൽ അധ്യക്ഷത വഹിച്ചു. ടി. പി ദാസൻ ഒ. കെ വിനീഷ്, പി. മുജീബ് റഹ്മാൻ, ടി. എം അബ്ദുറഹിമാൻ, പി. ടി ആസാദ്, അഷ്റഫ്കുരുവട്ടൂർ, കെ. പി യു അലി, ആർ. ജയന്ത് കുമാർ, ഏ. കെ മുഹമ്മദ് അഷ്റഫ്, പി. എൻ വലീദ്, കെ. രാംദാസ്, പി. ഷഫീഖ്, സി. ടി ഇൽയാസ്, ഏ. എം നൂറുദ്ധീൻ മുഹമ്മദ്, പി. ടി അബ്ദുൽ അസീസ്, വി. കെ സാബിറ, പി. പി ബഷീർ, സി. കെ ഗുലാബ് ഖാൻ എന്നിവർ ആശംസകൾ നേർന്നു. ഓർഗനൈസിങ് കമ്മിറ്റി ചെയർമാൻ കെ. മുസ്തഫ സ്വാഗതവും സെക്രട്ടറി സി. റമീസ് അലി നന്ദിയും പറഞ്ഞു.

കണ്ണൂർ സർവ്വകലാശാല
www.kannuruniversity.ac.in

ബിഎഡ് ഏകജാലക പ്രവേശനം

മാനന്തവാടി, ധർമ്മശാല കാമ്പസുകളിലെ ടീച്ചർ എജ്യൂക്കേഷൻ സെന്ററുകളിൽ ആരംഭിക്കുന്ന ദ്വിവത്സര ബിഎഡ്. പ്രോഗ്രാമുകളുടെ പുതിയ യൂണിറ്റുകളിൽ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. 19ന് വൈകുന്നേരം അഞ്ച് മണി വരെ ഓൺലൈനായി രജിസ്റ്റർ ചെയ്യണം. അഡ്മിഷൻ സംബന്ധിച്ച വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിലും പത്രക്കുറിപ്പിലൂടെയും അറിയിക്കും.

സ്പോർട്സ് ക്വാട്ട പ്രവേശനം ആഗ്രഹിക്കുന്നവർ ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും ആവശ്യമായ രേഖകളുമായി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ, കണ്ണൂർ യൂണിവേഴ്സിറ്റി, മാങ്ങാട്ടുപറമ്പ, കണ്ണൂർ-670567 വിലാസത്തിൽ അയക്കണം.

അപേക്ഷയുടെ പ്രിൻറൗട്ടും ഫീസ് അടച്ച രസീതും പ്രവേശന സമയത്ത് അതത് സെന്ററുകളിൽ ഹാജരാക്കണം. ഓൺലൈൻ രജിസ്ട്രേഷൻ ഫീസ് പൊതുവിഭാഗത്തിന് 600 രൂപയും, എസ്‌സി/എസ്ടി/പിഡബ്ല്യുബിഡി വിഭാഗങ്ങൾക്ക് 300 രൂപയുമാണ്. ഫീസ് എസ്ബിഐ ഇ-പേ വഴി അടക്കണം. ഫോൺ: 0497-2715261, 2715284, 7356948230,

അസിസ്റ്റന്റ് ഒഴിവ്

ധർമ്മശാല ടീച്ചർ എജ്യൂക്കേഷൻ സെന്ററിൽ ദിവസവേതന അടിസ്ഥാനത്തിൽ അസിസ്റ്റന്റ് താൽക്കാലിക നിയമനം നടത്തും. ഏതെങ്കിലും വിഷയത്തിൽ ബിരുദവും, ഓഫീസ് ജോലിയിലും കമ്പ്യൂട്ടർ ഉപയോഗത്തിലും പരിജ്ഞാനവും ഉണ്ടായിരിക്കണം. പ്രായം 18നും 36നും ഇടയിൽ (നിയമാനുസൃതമായ ഇളവ് ബാധകമായിരിക്കും). യോഗ്യരായവർ 14ന് രാവിലെ 10.30ന് ധർമ്മശാല ടീച്ചർ എജ്യൂക്കേഷൻ സെന്ററിൽ നടക്കുന്ന ഇന്റർവ്യൂവിൽ അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുമായി ഹാജരാകണം.

പരീക്ഷ പുനഃക്രമീകരിച്ചു

നവരാത്രി ആഘോഷങ്ങളുടെ ഭാഗമായി ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെ സർക്കാർ അവധി അനുവദിച്ചതിനാൽ അന്നേദിവസം നടത്താൻ നിശ്ചയിച്ച സർവകലാശാല പഠനവകുപ്പിലെ ആറാം സെമസ്റ്റർ എംസിഎ ഡിഗ്രി (സി.സി.എസ്.എസ്-ഒറ്റത്തവണ മേഴ്സി ചാൻസ് -2015 മുതൽ 2019 അഡ്മിഷൻ വരെ) സപ്ലിമെന്ററി പരീക്ഷയുടെ ഓപറേഷൻസ് റിസേർച്ച് (ങഇഅ6ഋ03ഇ) പേപ്പറിന്റെ പരീക്ഷ 14 ലേക്ക് പുനഃക്രമീകരിച്ചു. സമയക്രമത്തിൽ മാറ്റമില്ല.

പരീക്ഷാ ഫലം

ബിടെക് ഡിഗ്രി-ഒന്നു മുതൽ എട്ട് വരെയുള്ള സെമസ്റ്ററുകളുടെ സെഷണൽ അസെസ്മെന്റ് (ഇന്റേണൽ) ഇംപ്രൂവ്മെന്റ്, ഫെബ്രുവരി 2024 പരീക്ഷകളുടെ ഫലം സർവകലാശാല വെബ്സൈറ്റിൽ. മാർക്ക് ലിസ്റ്റുകൾ വിതരണം ചെയ്യുന്ന തീയതി പിന്നീട് അറിയിക്കും.

ഹാൾ ടിക്കറ്റ്

പാലയാട് സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിലെ ഒമ്പതാം സെമസ്റ്റർ ബിഎ എൽഎൽബി (റെഗുലർ/സപ്ലിമെന്ററി), നവംബർ 2024 പരീക്ഷകളുടെ ഹാൾ ടിക്കറ്റുകൾ സർവകലാശാല വെബ്സൈറ്റിൽ. ഓഫ് ലൈൻ ആയി അപേക്ഷിച്ച വിദ്യാർഥികളുടെ ഹാൾ ടിക്കറ്റ് പരീക്ഷാ കേന്ദ്രത്തിൽ നിന്ന് വാങ്ങണം. ഹാൾടിക്കറ്റ് ലഭിക്കാത്തവർ സർവകലാശാലയുമായി ബന്ധപ്പെടണം. ഫോൺ: 0497-2715264.

ഗ്രേഡിംഗ് സംവിധാനം അശാസ്ത്രീയമെന്ന് എം.എസ്.എഫ്

കണ്ണൂർ: കണ്ണൂർ സർവകലാശാല 2008-11 ബാച്ചിന് നടപ്പിലാക്കിയ ഗ്രേഡിംഗ് സംവിധാനം അശാസ്ത്രീയമെന്ന് എം.എസ്.എഫ്. അപാകത തിരുത്തി പുതുക്കിയ ഗ്രേഡ് കാർഡ് അനുവദിക്കണമെന്ന ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കണമെന്നും എം.എസ്.എഫ് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ഗ്രേഡുകളുടെ ശതമാനം കണക്കാക്കാൻ ലളിതമായ പൊതുരീതികൾ നിലവിലുണ്ടായിരിക്കെ അശാസ്ത്രീയമായ

എംപിരിക്കൽ ഫോർമുല വിദ്യാർഥികളുടെ മാർക്ക് ഗണ്യമായി കുറക്കാൻ കാരണമായി. ഫോർമുല ഉപയോഗിച്ച് ശതമാനം കണക്കാക്കിയാൽ പരമാവധി 10 ശതമാനം വരെ കുറവാണ് മാർക്കിലുണ്ടാക്കിയത്. 50ശതമാനം മാർക്ക് ലഭിച്ച വിദ്യാർഥിക്ക് 40 ശതമാനം മാർക്കായി കുറയുന്ന സാഹചര്യവുമുണ്ടായി. ഇങ്ങനെ ഒരു പ്രത്യേക ഫോർമുലയുടെ ആവശ്യമെന്ത് എന്ന ചോദ്യത്തിന് ഒരിക്കൽ പോലും സർവകലാശാല കൃത്യമായ മറുപടി നൽകിയിരുന്നില്ല. മുന്നൊരുക്കങ്ങളില്ലാതെ ഗ്രേഡിംഗ് നടപ്പിലാക്കുമ്പോഴുണ്ടായ അപാകത മറികടക്കാൻ സർവകലാശാല അധികൃതർ കാണിച്ച അതിബുദ്ധിയാണ് ഈ ഫോർമുല. വിഷയം 2011ൽ തന്നെ സർവകലാശാലയെ ധരിപ്പിച്ചിരുന്നെങ്കിലും അനുകൂലമായ തീരുമാനത്തിന് പകരം പിജി പ്രവേശനത്തിന് ആവശ്യമായ യോഗ്യതയിൽ ഇളവ് ചെയ്യുകയാണ് ചെയ്തത്. ഫോർമുല നടപ്പിലാക്കിയാൽ ഒരുപാട് വിദ്യാർഥികളുടെ ഉപരി പഠനത്തെ ബാധിക്കുമെന്ന് മനസിലാക്കി 2008-11 ബാച്ചിന് പ്രൊഫഷണൽ പിജി കോഴ്സിനുൾപ്പെടെ അടിസ്ഥാന യോഗ്യതയായ 50 ശതമാനം മാർക്കോടെ ബിരുദത്തിന് പകരം 40 ശതമാനം എന്നാക്കി മാറ്റിയിരുന്നു.

സർവകലാശാല ഉത്തരവ് പ്രകാരം ഈ ബാച്ചിന് എല്ലാ കാലത്തും 40 ശതമാനം മതിയാകും. ഇങ്ങനെ ഒരു പ്രത്യേക ഉത്തരവ് ഇറക്കിയതിൽ നിന്ന് തന്നെ 2008-11 ബാച്ചിന്റെ ഗ്രേഡിംഗിൽ പിഴവ് പറ്റിയെന്നതിന് തെളിവാണ്.

2022ലെ കോടതി ഉത്തരവ് പ്രകാരം എംപിരിക്കൽ ഫോർമുല ഒഴിവാക്കി പുതിയ ഗ്രേഡ് കാർഡ് 15 ദിവസത്തിനുള്ളിൽ അനുവദിക്കണമെന്ന് വിദ്യാർഥികൾ ആവശ്യപ്പെട്ടുവെങ്കിലും ഫോർമുല പുനപരിശോധന പ്രായോഗികമല്ലെന്നായിരുന്നു റജിസ്ട്രാറുടെ മറുപടി. 2011ൽ കോഴ്സ് വിജയിച്ച വിദ്യാർഥികളുടെ അവസാന വർഷ മാർക്ക് ലിസ്റ്റിന് പിന്നിൽ ഫോർമുല പ്രിന്റ് ചെയ്തതിനാൽ ഉപരി പഠനത്തിനും മറ്റും മാർക്ക് ലിസ്റ്റ് ഉപയോഗിക്കുമ്പോൾ മാർക്ക് ലിസ്റ്റിന്റെ ശതമാനമാണ് കണക്കാക്കുന്നതെന്നും സർവകലാശാല സെനറ്റ് അംഗം ടികെ ഹസീബ് പറഞ്ഞു.

ഡിവിഷൻ ബെഞ്ച് ഉത്തരവ് മാനിച്ച് ഗ്രേഡ് കാർഡ് റിവൈസ് ചെയ്യാനും സംഭവിച്ച പിഴവിനും 13 വർഷം വിദ്യാർഥികളെ വട്ടംകറക്കിയതിനും ആ ബാച്ചിലെ വിദ്യാർത്ഥികളോട് ക്ഷമാപണം നടത്താനും സർവകലാശാല തയാറാകണം. എംപിരിക്കൽ ഫോർമുല റദ്ദാക്കുന്നതോടെ 2008-11 ബാച്ചിന്റെ പാസ് മാർക്ക് മറ്റ് ബാച്ചിന് സമാനമായി സി.ജിപിഎ 1.5 ആക്കി മാറ്റുന്നതിലൂടെ നേരത്തെ സർവകലാശാല പരാജയപ്പെടുത്തിയ വിദ്യാഥികളെ കൂടി വിജയിപ്പിക്കണം. ഗ്രേഡിംഗ് നടപ്പിലാക്കുന്നതിൽ പറ്റിയ വീഴ്ച സംബന്ധിച്ച് ഉചിതമായ അന്വേഷണം നടത്തണം. കുറ്റക്കാർക്കെതിരെ നടപടി എടുക്കണമെന്ന ആവശ്യങ്ങളും ഉന്നയിച്ചു.

വാർത്താസമ്മേളനത്തിൽ എം.എസ്.എഫ് സംസ്ഥാന വൈസ് പ്രസിഡന്റ് അനസ് എതിർത്തോടും സെനറ്റ് അംഗം ടി.പി ഫർഹാനയും പങ്കെടുത്തു.

മുസ്‌ലിം വിരുദ്ധ പ്രസ്താവന
യൂത്ത്‌ലീഗ് പരാതിയിൽ ജലീലിനെതിരെ അന്വേഷണം

മലപ്പുറം: കെ.ടി ജലീൽ എം.എൽ.എയുടെ മുസ്‌ലിം വിരുദ്ധ പരാമർശത്തിൽ അന്വേഷണത്തിന് ഉത്തരവിട്ട് മലപ്പുറം ജില്ലാ പൊലീസ് മേധാവി. മുസ്‌ലിം യൂത്ത് ലീഗ് നേതാവ് യു.എ റസാഖ് നൽകിയ പരാതിയിലാണ് എസ്.പി ആർ. വിശ്വനാഥ് അന്വേഷണത്തിന് ഉത്തരവിട്ടത്. മലപ്പുറം ഡി.വൈ.എസ്.പി ടി.എസ് സിനോജിനാണ് അന്വേഷണ ചുമതല. ഒരു സമുദായത്തെയും നാടിനെയും മുഴുവൻ സംശയത്തിന്റെ നിഴലിൽ നിർത്തി പ്രസ്താവന ഇറക്കിയ കെ.ടി ജലീൽ എം.എൽ.എക്കെതിരെ കേസെടുക്കണമെന്നാവശ്യപ്പെട്ട് മുസ്‌ലിം യൂത്ത്‌ലീഗ് തിരൂരങ്ങാടി മണ്ഡലം കമ്മിറ്റി പ്രസിഡന്റ് യു.എ റസാഖ് കഴിഞ്ഞ ദിവസമാണ് ജില്ലാ പൊലീസ് മേധാവിക്ക് പരാതി നൽകിയത്. അതിൽ അന്വേഷിച്ച് നടപടി സ്വീകരിക്കാനാണ് ഡി.വൈ.എസ്.പി ടി.എസ്. സിനോജിനെ ചുമതലപ്പെടുത്തിയിരിക്കുന്നത്.

സ്വർണ കള്ളക്കടത്തിലും ഹവാല പണമിടപാടിലും പിടിയിലാകുന്നവരിൽ 99 ശതമാനവും മുസ്‌ലിങ്ങളാണെന്നും മത പണ്ഡിതൻ ഹജ്ജ് കഴിഞ്ഞു മടങ്ങുമ്പോൾ സ്വർണം കടത്തി പിടിക്കപ്പെട്ടുവെന്നും മലപ്പുറം അതിന്റെ നാടാണെന്നുമെല്ലാമുള്ള പ്രസ്താവനക്കെതിരെയായിരുന്നു റസാഖിന്റെ പരാതി. ഒരു നാടിനെയും സമുദായത്തെയും അപകീർത്തിപ്പെടുത്തുന്നതാണ് ജലീലിന്റെ പ്രസ്താവനയെന്നും മത സ്പർദ്ദയുണ്ടാക്കി മലപ്പുറത്തെ കലാപ സംഘർഷ ഭൂമിയാക്കുക, ജില്ലയിലെ ജനങ്ങളെ ഒന്നടങ്കം അപമാനിക്കുക, ഒരു സമുദായത്തെ സംശയത്തിന്റെ നിഴലിൽ നിർത്തുക, വ്യാജ പ്രചാരണം നടത്തുക എന്ന ലക്ഷ്യത്തോടെ ജലീൽ നടത്തിയ പ്രസ്താവനെക്കെതിരെ കലാപാഹ്വാനത്തിനും വ്യാജ പ്രചാരണത്തിനും കേസെടുക്കണമെന്നാണ് പരാതിയിൽ ആവശ്യപ്പെട്ടിരുന്നത്.

ശസ്ത്രക്രിയക്കിടെ കൈപ്പിഴ:
പത്തു വയസുകാരന്റെ ഹൃദയ ഞരമ്പ് മുറിഞ്ഞതായി പരാതി
മനുഷ്യാവകാശ കമ്മീഷൻ കേസെടുത്തു

കാസർകോട്: കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ഹെർണിയ ശസ്ത്രക്രിയക്ക് വിധേയനായ പത്തു വയസുകാരന്റെ ഹൃദയത്തിലേക്കുള്ള ഞരമ്പ് ഡോക്ടറുടെ കൈപ്പിഴയിൽ മുറിഞ്ഞു പോയെന്ന ആരോപണത്തെ കുറിച്ച് അന്വേഷിക്കാൻ മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിട്ടു. കാസർകോട് ജില്ലാ മെഡിക്കൽ ഓഫീസർക്കാണ് കമ്മീഷൻ ജുഡീഷ്യൽ അംഗം കെ.ബൈജുനാഥ് നിർദേശം നൽകിയത്.15 ദിവസത്തിനകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കണം. കാസർകോട് നടക്കുന്ന അടുത്ത സിറ്റിംഗിൽ കേസ് പരിഗണിക്കും. ശസ്ത്രക്രിയക്കിടയിൽ അബദ്ധത്തിൽ ഞരമ്പ് മുറിച്ചു പോയെന്ന് ഡോക്ടർ അറിയിച്ചുവെന്ന് കുട്ടിയുടെ പിതാവ് പറഞ്ഞതായി മാധ്യമ വാർത്തകളിൽ പറയുന്നു. മാധ്യമ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

പിറന്നാൾ ആഘോഷത്തിനിടെ അക്രമം: ഒരാൾ അറസ്റ്റിൽ



കാഞ്ഞങ്ങാട്: പിറന്നാൾ ആഘോഷത്തിനിടെ യുവാവിനെ വെട്ടിപ്പരിക്കേൽപ്പിച്ച് ഭാര്യയെയും അക്രമിച്ച് വധിക്കാൻ ശ്രമിച്ച കേസിൽ ഒരാൾ അറസ്റ്റിൽ. ആറങ്ങാടി സ്വദേശി എൻ.എ ഷാഫി (42) യെയാണ് ഹോസ്ദുർഗ് എസ്ഐ വിപി അഖിലും സംഘവും അറസ്റ്റ് ചെയ്തത്.

കഴിഞ്ഞ ശനിയാഴ്ച രാത്രി പിറന്നാൾ ആഘോഷത്തിനിടെയാണ് അജാനൂർ ഇട്ടമ്മൽ ഇഖ്ബാൽ ഹയർ സെക്കന്ററി സ്കൂളിന് സമീപത്തെ എംപി മൻസിലിലെ കെ.സി ഫസലി (40) നെ വീട്ടിൽകയറി വെട്ടിപ്പരിക്കേൽപ്പിക്കുകയും ഭാര്യ ഹസീനയെ അക്രമിക്കുകയും ചെയ്തത്. സംഭവവുമായി ബന്ധപ്പെട്ട് ഇട്ടമ്മലിലെ അഫ്സൽ, ആറങ്ങാടിയിലെ എൻ.എ ഷാഫി, കുശാൽനഗറിലെ നൗഷാദ് കാദൻ ആറങ്ങാടിയിലെ റാസിക്ക് എന്നിവർക്കെതിരെ ഹോസ്ദുർഗ് പോലീസ് വധശ്രമത്തിന് കേസെടുത്തിരുന്നു. ഫസലിന്റെ അമ്മാവന്റെ ആറങ്ങാടിയിലെ വീട്ടിൽവെച്ചാണ് പിറന്നാൾ ആഘോഷം നടന്നത്. ആഘോഷത്തിനിടെയാണ് അതിക്രമിച്ചു കയറിയത്. ഫസലിന്റെ തലയ്ക്കാണ് ഇരുമ്പുവാൾ കൊണ്ട് വെട്ടിപ്പരുക്കൽപ്പിച്ചത്. അഫ്സലാണ് വെട്ടിയത്. മറ്റുള്ളവർ ഇരുമ്പ് ദണ്ഡ്കൊണ്ട് കൈക്കും വയറിനും അടിച്ചു പരിക്കേൽക്കുകയായിരുന്നു. ഒരു പ്രതിയുടെ ബന്ധു എറണാകുളത്ത് എംഡിഎംഎ കേസിൽ പെട്ടിട്ടുണ്ടെന്ന് നാട്ടിൽ പ്രചരിപ്പിച്ചുവെന്ന് പറഞ്ഞാണ് അക്രമമെന്ന് പരാതിയിലുണ്ട്. ഹോസ്ദുർഗ് കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാന്റ് ചെയ്തു.

നിക്ഷാനിൽ 'ദിൽവാലെ ദിവാലി സെയിൽ' സ്കോഡ കുഷാക്ക് ബമ്പർ സമ്മാനം

കണ്ണൂർ: ഗൃഹോപകരണങ്ങൾക്കും ഗാഡ്ജറ്റുകൾക്കും 75 ശതമാനം വരെ വിലക്കുറവും ഗംഭീര സമ്മാനങ്ങളുമായി നിക്ഷാനിൽ 'ദിൽവാലെ ദിവാലി സെയിൽ' ആരംഭിച്ചു. ഒരു സ്കോഡ കുഷാക്കാണ് ബമ്പർ സമ്മാനം. രണ്ടു BMW G310 RR സ്പോർട്സ് ബൈക്ക്, 6 ഏഥർ റിസ്റ്റാ സ്കൂട്ടറുകൾ തുടങ്ങിയ കിടിലൻ സമ്മാനങ്ങളുമുണ്ട്. ഏറ്റവും സൗകര്യപ്രദമായ ഇഎംഐ, എക്സ്ട്രാ വാറന്റി സൗകര്യം എന്നിവയും ദിവാലി ഓഫറുകളുടെ മാറ്റ് കൂട്ടുന്നു. ഇഷ്ടപ്പെട്ട ഗൃഹോപകരണങ്ങൾ ഇപ്പോൾ 'എന്തും എന്തിനോടും എക്സ്ചേഞ്ച് ഓഫറി'ലൂടെ സ്വന്തമാക്കുവാനുള്ള സൗകര്യവും നിക്ഷാനിലുണ്ട്. ഒപ്പം, സീറോ ഡൗൺപേയ്മെന്റ്, സീറോ ഇന്ററെസ്റ്റ്, സീറോ പ്രോസസിങ് ഫീ എന്നിവയുമുണ്ട്. ബജാജ് ഫിൻസേർവ്, എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ്, എച്ച്ഡിഎഫ്സി ബാങ്ക്, ഐഡിഎഫ്സി ഫസ്റ്റ് ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളുടെ ക്യാഷ് ബാക്ക് ഓഫറുകൾക്കൊപ്പം 17000 രൂപ വരെയുള്ള 'ഇൻസ്റ്റന്റ് ക്യാഷ്ബാക്ക് വൗച്ചറും' ലഭ്യമാണ്. തിരഞ്ഞെടുക്കപ്പെട്ട മോഡലുകൾക്ക് ഒരു ഇഎംഐ ക്യാഷ്ബാക്ക് ലഭിക്കുന്നതാണ്.

ലാപ്ടോപ്, സ്മാർട്ട് ഫോൺ തുടങ്ങിയ ഡിജിറ്റൽ പ്രോഡക്റ്റുകൾക്കും മികച്ച ഓഫറുകളാണ് നിക്ഷാനിൽ. മോഡുലാർ കിച്ചൻ, ഹോം ഓട്ടോമേഷൻ ഉത്പന്നങ്ങൾ, ഹുഡ് ആൻഡ് ഹോബ്, ഡിസൈനർ ഫാൻസ്, ലൈറ്റിങ്, ഹോം ജിം, ഫോസേറ്റ്, മാട്രസ്സുകൾ തുടങ്ങിയവയും സ്പെഷ്യൽ ഓഫറുകളോടെ ലഭ്യമാണ്. കേരളത്തിലെവിടെയും സൗജന്യ ഹോം ഡെലിവറി സൗകര്യവും വൈവിധ്യമാർന്ന ഉത്പന്നങ്ങൾക്കായുള്ള കേരള ത്തിലെ 'വൺസ്റ്റോപ്പ് ഷോപ്പ് സൊല്യൂഷനാ'യ നിക്ഷാൻ നൽകുന്നു. ഓഫറുകളെക്കുറിച്ചു കൂടുതലറിയുവാനായി 7902818181 എന്ന നമ്പറിൽ വിളിക്കാം.

നാറാത്ത് സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ്
നമ്പർ F.1436, H.O.: നാറാത്ത് പി.ഒ., കണ്ണൂർ - 670 601, Ph: 04602-240216

വാർഷിക പൊതുയോഗ നോട്ടീസ്

മാന്യ മെമ്പർമാരെ,

നാറാത്ത് സർവ്വീസ് സഹകരണ ബാങ്കിന്റെ 2023-24 സാമ്പത്തികവർഷത്തെ വാർഷിക പൊതുയോഗം 2024 ഒക്ടോബർ 27ന് ഞായറാഴ്ച രാവിലെ 11 മണിക്ക് നാറാത്ത് ബാങ്കിന്റെ ഹെഡ് ഓഫീസിനു സമീപത്തുള്ള നാറാത്ത് മാപ്പിള എൽ.പി സ്കൂളിൽ താഴെ പറയുന്ന കാര്യ പരിപാടിയനുസരിച്ച് ചേരുവാൻ നിശ്ചയിച്ചിരിക്കയാൽ മുഴുവൻ 'എ' ക്ലാസ്സ് മെമ്പർമാരോടും പൊതുയോഗത്തിൽ കൃത്യസമയത്ത് പങ്കെടുക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

കാര്യപരിപാടി: **1.** സ്വാഗതം. **2.** അദ്ധ്യക്ഷന്റെ ആമുഖ ഭാഷണം. **3.** അനുശോചനം. **4.** 01-04-2023 മുതൽ 31-03-2024 വരെയുള്ള പ്രവർത്തന റിപ്പോർട്ട്, വരവ് ചെലവ് കണക്ക്, സപ്ലിമെന്ററി ബഡ്ജറ്റ് അവതരണം. **5.** 2023-2024 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടും കണക്കുകളും ന്യൂനത സംഗ്രഹണ റിപ്പോർട്ടും അവതരിപ്പിക്കൽ. **6.** 2025-2026 വർഷത്തെ ബഡ്ജറ്റ് അവതരണം. **7.** 2023 നവകേരളീയം കുടിശ്ശിക നിർമ്മാർജ്ജന പദ്ധതി പ്രകാരം പലിശയും മറ്റ് ചെലവുകളും ഇളവ് ചെയ്ത് കൊടുത്തത് അംഗീകരിക്കൽ. **8.** ചോദ്യങ്ങളും പ്രമേയങ്ങളും. **9.** അദ്ധ്യക്ഷൻ അനുവദിക്കുന്ന ഇതര വിഷയങ്ങൾ. **10.** ഉപസംഹാരം. **11.** കൃതജ്ഞത.

നാറാത്ത്, 09-10-2024 **ആജ്ഞാനുസരണം, സെക്രട്ടറി ഇൻ-ചാർജ്ജ് (ഒപ്പ്)**

കുറിപ്പ്: **1.** ചോദ്യങ്ങളും പ്രമേയങ്ങളും 2024 ഒക്ടോബർ മാസം 22 ന് വൈകുന്നേരം 4 മണിക്ക് മുമ്പായി ബാങ്കിന്റെ ഹെഡ് ഓഫീസിൽ കിട്ടിയിരിക്കേണ്ടതാണ്. **2.** പൊതുയോഗത്തിൽ പങ്കെടുക്കുന്ന മെമ്പർമാർ 'എ' ക്ലാസ്സ് മെമ്പറാണെന്ന് തെളിയിക്കുന്ന രേഖ കൊണ്ടുവരേണ്ടതാണ്. **3.** 2023-24 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്, കണക്കുകൾ തുടങ്ങിയവ ബാങ്ക് ഹെഡ് ഓഫീസ്, ബ്രാഞ്ചുകൾ, കണ്ണൂർ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ), അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, നാറാത്ത് പഞ്ചായത്ത് ഓഫീസ്, നാറാത്ത് വില്ലേജ് ഓഫീസ് എന്നിവിടങ്ങളിലെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

കേരള സംസ്ഥാന ഭാഗ്യക്കുറി ONAM BUMPER BR-99 DRAW RESULT 09/10/2024

കേരള ഭാഗ്യക്കുറി

ഒന്നാം സമ്മാനം ₹25കോടി TG 434222 (വയനാട്)

സമാശ്വാസ സമ്മാനം ₹5ലക്ഷം TA 434222 TB 434222 TC 434222 TD 434222 TE 434222 TH 434222 TJ 434222 TK 434222 TL 434222

രണ്ടാം സമ്മാനം ₹1കോടി

TA 507676 (പാലക്കാട്) TD 281025 (ചിറ്റൂർ) TE 349095 (അടൂർ) TH 111240 (പയ്യന്നൂർ) TH 612456 (കൊല്ലം) TJ 201260 (മലപ്പുറം) TJ 676984 (നെയ്യാറ്റിൻകര)
TB 220261 (തിരുവനന്തപുരം) TD 519261 (തൃശൂർ) TE 488812 (പത്തനംതിട്ട) TH 346533 (കരുനാഗപ്പള്ളി) TH 714520 (പുനലൂർ) TJ 317658 (ഇരിങ്ങാലക്കുട) TK 124175 (നെയ്യാറ്റിൻകര)
TB 749816 (തിരുവനന്തപുരം) TE 340072 (പട്ടാമ്പി) TE 815670 (തൃശൂർ) TH 378331 (പാലക്കാട്) TJ 123040 (പുനലൂർ) TJ 432135 (തിരുവനന്തപുരം)

മൂന്നാം സമ്മാനം ₹50ലക്ഷം

TC 147286 (കൊല്ലം) TD 796695 (മലപ്പുറം) TG 206219 (തൃശൂർ) TH 564251 (തിരുവനന്തപുരം) TK 123877 (പുനലൂർ)
TA 109437 (വൈക്കം) TB 449084 (ഗുരുവായൂർ) TC 556414 (പട്ടാമ്പി) TE 208023 (പാലക്കാട്) TG 301775 (എറണാകുളം) TJ 397265 (കോഴിക്കോട്) TK 323126 (പട്ടാമ്പി)
TA 632476 (മലപ്പുറം) TB 465842 (ചേർത്തല) TD 197941 (കാസർക്കോട്) TE 327725 (പുനലൂർ) TH 446870 (ഇടുക്കി) TJ 607008 (എറണാകുളം) TL 194832 (ആലപ്പുഴ)

നാലാം സമ്മാനം ₹5ലക്ഷം

TA 340359 (പട്ടാമ്പി) TB 157682 (എറണാകുളം) TC 358278 (ആലപ്പുഴ) TD 168214 (തിരുവനന്തപുരം) TL 237482 (ആലപ്പുഴ)
TE 344769 (മൂവാറ്റുപുഴ) TG 789870 (തൃശൂർ) TH 305765 (കണ്ണൂർ) TJ 755588 (പാലക്കാട്) TK 379020 (തൃശൂർ) TL 322274 (പട്ടാമ്പി)

അഞ്ചാം സമ്മാനം ₹2 ലക്ഷം

TA 776439 (വടകര) TB 146716 (കോട്ടയം) TC 138022 (ഇടുക്കി) TD 626998 (കോട്ടയം)
TE 329881 (നെയ്യാറ്റിൻകര) TG 196466 (കാസർക്കോഡ്) TH 146868 (കോട്ടയം) TJ 304820 (എറണാകുളം) TK 802075 (എറണാകുളം) TL 279622 (ചിറ്റൂർ)

ആറാം സമ്മാനം ₹5000

0012 0070 0089 0128 0234 0422 0596 0792 1515 1647 1716 1756 1785 2068 2181 2345 2392 2864 3012 3065
3459 3638 3729 3908 4306 4318 4525 4840 4873 4933 5204 5546 5865 5993 6137 6267 6290 6291 6470 6582
6852 6907 7062 7076 7142 7264 7271 7328 7348 7370 7513 7598 7638 8003 8498 8535 8814 9155 9520 9819

ഏഴാം സമ്മാനം ₹2000

0187 0319 0410 0473 0496 0928 1004 1095 1126 1129 1191 1382 1461 1514 1592 1791 2022 2069 2108 2229 2397 2463 2673 2871 3179 3391 3432 3986 4207 4257 4383 4467
4479 4483 4622 4848 4925 4935 4964 5424 5473 5547 5614 5616 5663 5727 5736 5776 5786 5798 5875 5890 5973 6218 6438 6609 6698 6766 6867 6929 7081 7132
7269 7390 7419 7473 7568 7918 7922 8039 8138 8371 8398 8592 8630 8666 8675 8725 8761 8820 8890 8930 8940 8950 8951 8971 9299 9490 9748 9867

എട്ടാം സമ്മാനം ₹1000

0010 0018 0071 0088 0093 0105 0185 0197 0277 0349 0371 0409 0564 0972 1098 1149 1200 1219 1267 1346 1347 1412 1416 1547 1614 1671 1680 1721 1983 2015 2032 2110 2124 2241 2606 2614 2667 2933 3063 3251 3279 3323 3434 3462
3463 3562 3572 3655 3779 3845 3858 3903 3914 3916 4216 4312 4346 4372 4429 4451 4465 4518 4630 4788 4911 5000 5067 5071 5085 5202 5268 5380 5406 5468 5493 5529 5557 5832 5858 6072 6154 6229 6249 6299 6317 6445 6564 6664 6735 6799 6863 6878 6901 6939
6972 7047 7070 7072 7086 7116 7164 7411 7486 7698 7747 7868 7910 7965 8025 8031 8191 8228 8449 8760 8781 8791 8899 8984 9125 9160 9206 9245 9264 9275 9442 9516 9523 9538 9557 9564 9604 9606 9677 9782 9876 9878 9893 9986

ഒൻപതാം സമ്മാനം ₹500

0014 0029 0066 0267 0287 0292 0304 0312 0339 0418 0468 0475 0515 0523 0543 0578 0601 0627 0729 0731 0740 0823 0855 0856 0863 0887 1001 1049 1052 1078 1092 1114 1162 1253 1255 1264 1275 1305 1372 1393 1414 1444 1450 1565 1644 1669 1735 1803 1848 1870 1886 1893 1912 1935 1975 1998 2111 2196 2219 2316 2414 2469 2510 2594 2612 2642 2664 2739 2780 2833 2861 2922 2953 2992 3071 3094 3140 3145 3190 3202 3219 3227 3228 3308 3347 3351 3379 3442 3770 3786 3788 3802 3885 3919 3927 3932
3961 4017 4021 4047 4076 4092 4115 4125 4140 4161 4170 4183 4213 4228 4241 4244 4272 4299 4373 4387 4410 4460 4480 4504 0014 0029 0066 0267 0287 0292 0304 0312 0339 0418 0468 0475 0515 0523 0543 0578 0601 0627 0729 0731 0740 0823 0855 0856 0863 0887 1001 1049 1052 1078 1092 1114 1162 1253 1255 1264 1275 1305 1372 1393 1414 1444 1450 1565 1644 1669 1735 1803 1848 1870 1886 1893 1912 1935 1975 1998 2111 2196 2219 2316 2414 2469 2510 2594 2612 2642 2664 2739 2780 2833 2861 2922 2953 2992 3071 3094 3140 3145 3190 3202 3219 3227 3228 3308 3347 3351 3379 3442 3770 3786 3788
3802 3885 3919 3927 3932 3961 4017 4021 4047 4076 4092 4115 4125 4140 4161 4170 4183 4213 4228 4241 4244 4272 4299 4373 8158 8161 8199 8216 8227 8252 8276 8292 8295 8308 8345 8377 8427 8458 8492 8518 8541 8578 8628 8703 8709 8766 8787 8800 8852 8871 8884 8908 8926 8929 8931 8933 8996 9002 9020 9067 9122 9137 9184 9195 9215 9216 9235 9296 9355 9373 9408 9421 9453 9460 9467 9501 9528 9580 9588 9615 9632 9639 9663 9666 9686 9694 9741 9795 9834 9835 9840 9843 9853 9879 9891 9908 9928 9930 9944 9990

രാജ്കപൂർ, ജോ.ഡയറക്ടർ [illegible]

നറുക്കെടുപ്പ് ഫലം വിശദമായറിയാൻ www.statelottery.kerala.gov.in

---

പൊതുയോഗ നോട്ടീസ്

മാന്യ മെമ്പർമാരെ,

മാട്ടൂൽ പഞ്ചായത്ത് വനിതാ സഹകരണ സംഘത്തിന്റെ എ ക്ലാസ്സ് മെമ്പർമാരുടെ വാർഷിക പൊതുയോഗം 2024 ഒക്ടോബർ മാസം 26ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് സംഘം ഓഫീസിൽ വച്ച് ചേരുന്നതാണ്. മുഴുവൻ 'എ' ക്ലാസ്സ് അംഗങ്ങളും പൊതുയോഗത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മടക്കര — എന്നു, ഭരണാസമിതിക്കു വേണ്ടി
08/10/2024 — സെക്രട്ടറി

കാര്യപരിപാടി

1. സ്വാഗതം, 2. അധ്യക്ഷ പ്രസംഗം, 3. 2023-2024 വർഷത്തെ പ്രവർത്തന റിപ്പോർട്ട്, 4. 2023-2024 വർഷത്തെ വരവ് ചിലവ് കണക്ക്, 5. 2023-2024 വർഷത്തെ സപ്ലിമെന്ററി ബഡ്ജറ്റ്, 6. 2025-2026 വർഷത്തെ കരട് ബഡ്ജക്റ്റ്, 7. 2023-2024 വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റ് വായിച്ച് അംഗീകരിക്കൽ, 8. 2023-2024 വർഷത്തെ ന്യൂനത പരിഹരിക്കൽ, 9. ചോദ്യങ്ങളും പ്രമേങ്ങളും, 10. അധ്യക്ഷ അനുവദിക്കുന്ന മറ്റുകാര്യങ്ങൾ, 11. നന്ദിപ്രകടനം

കുറിപ്പ് :-

1. ചോദ്യങ്ങളും പ്രമേയങ്ങളും 21/10/2024 തിങ്കളാഴ്ച വൈകുന്നേരം 4 മണിക്ക് മുൻപായി സംഘം ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.
2. പൊതുയോഗത്തിൽ പങ്കെടുക്കുന്നവർ 'എ 'ക്ലാസ്സ് അംഗത്വം തെളിയിക്കുന്നതിനുള്ള രേഖ കൊണ്ടുവരേണ്ടതാണ്.
3. കാര്യപരിപാടിയിലെ 3 മുതൽ 6 വരെയുള്ള വിശദാംശങ്ങൾ സംഘം ഓഫീസിലും കണ്ണൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ് എന്നിവിടങ്ങളിലെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

സെക്രട്ടറി (ഒപ്പ്)
മാട്ടൂൽ പഞ്ചായത്ത് വനിത സഹകരണസംഘം
ലിമിറ്റഡ് നമ്പർ. സി. 1404, മടക്കര

സിനിമാ മേഖലക്കായി നിയമ നിർമാണം നടത്തുമെന്ന് മന്ത്രി

തിരുവനന്തപുരം: സംസ്ഥാനത്തെ സിനിമാ മേഖലയിലെ പ്രശ്നങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഉടൻ നിയമ നിർമാണം നടത്തുമെന്ന് മന്ത്രി സജി ചെറിയാൻ. ഇതിനായി നിയമോപദേശം തേടിയിട്ടുണ്ട്. നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികളിലേക്ക് കടക്കുമെന്നും നിയമസഭയിൽ ചോദ്യോത്തരവേളയിൽ അദ്ദേഹം പറഞ്ഞു.

സമഗ്ര സിനിമാ നയത്തിനായി രൂപവത്കരിച്ച സമിതിയുടെ പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഹേമകമ്മിറ്റി റിപ്പോർട്ടിൽ സർക്കാർ കാലതാമസം വരുത്തിയിട്ടില്ലെന്നും മന്ത്രി അവകാശപ്പെട്ടു.

ICICI Home Finance രജിസ്റ്റേർഡ് ഓഫീസ്: ഐസിഐസിഐ ബാങ്ക് ടവേഴ്സ്, ബാന്ദ്ര-കുർള കോംപ്ലക്സ്, ബാന്ദ്ര (ഈസ്റ്റ്) മുംബൈ - 400051
കോർപ്പറേറ്റ് ഓഫീസ്: ഐസിഐസിഐ എച്ച് എഫ് സി ടവർ, അന്ധേരി കുർള റോഡ്, ജെ ബി നഗർ, അന്ധേരി (ഈസ്റ്റ്) മുംബൈ - 400059
ശാഖ ഓഫീസ്: ഡബ്ല്യു മാൾ ബിൽഡിംഗ്. രണ്ടാംനില, വെസ്കോ ഹോംസ്, കഞ്ഞിക്കുഴി, കോട്ടയം - 686004

പ്രൊവിസോ റൂൾ 8(6) കാണുക സ്ഥാവരവസ്തുവിന്റെ വിൽപ്പനയ്ക്കുള്ള വിൽപ്പന നോട്ടീസ്

2002 ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട്, 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾ, പ്രൊവിസോ റൂൾ 8(6) ചേർത്തു വായിക്കുക, പ്രകാരം സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള ഇ-ലേല വിൽപ്പന നോട്ടീസ്. വായ്പ കരാർ പ്രകാരം ഐസിഐസിഐ ഹോം ഫിനാൻസ് ലിമിറ്റഡിന്റെ അംഗീകൃത ഓഫീസർ വായ്പക്കാർ/ജാമ്യക്കാർ ജാമ്യമായി നൽകിയ താഴെപ്പറയുന്ന വസ്തുക്കൾ ജപ്തി ചെയ്തതായും വസ്തുക്കൾ ഇപ്പോഴുള്ള അവസ്ഥയിൽ "എവിടെയാണോ ഉള്ളത്" "എന്താണോ ഉള്ളത്" "എങ്ങനെയാണോ ഉള്ളത്" അതുപോലെ തന്നെ ലേലം ചെയ്യാൻ തീരുമാനിച്ചതായും വായ്പക്കാർ/ജാമ്യക്കാർ എന്നിവരെയും പൊതുജനങ്ങളെയും ഇതിനാൽ അറിയിക്കുന്നു

Sr. No.	വായ്പക്കാരന്റെ/സഹവായ്പക്കാരന്റെ/ജാമ്യക്കാരന്റെ പേര്, നിയമപരമായ അവകാശികൾ ലോൺ അക്കൗണ്ട് നമ്പർ	ജാമ്യവസ്തുവിന്റെ വിശദാംശങ്ങൾ ഏതെങ്കിലും വിധത്തിലുള്ള ബാധ്യതയുണ്ടെങ്കിൽ അവ ഉൾപ്പെടെ	തിരിച്ചടയ്ക്കാനുള്ള തുക	റിസർവ് പ്രൈസ് / ഇഎംഡി	വസ്തു പരിശോധന തീയതിയും സമയവും	ലേല തീയതി, സമയം	ലേല തീയതിക്ക് ഒരു ദിവസം മുമ്പ്	സർഫേസി സ്റ്റേജ്
(A)	(B)	(C)	(D)	(E)	(F)	(H)	(I)	(J)
1	സുജിത് കെ (വായ്പക്കാരൻ) ദീപ സുജിത് (സഹവായ്പക്കാരി 1) LHCOC00001371449 & LHCOC00001371453	റീസർവ്വെ നം. 27/3002, ബ്ലോക്ക് നം. 62, ചപ്പാരപ്പടവ് പഞ്ചായത്ത്, ജെൻമോൻ, വില്ലേജ് തിമിരി, താലൂക്ക് - തളിപ്പറമ്പ്, സബ്ജില്ല ആലക്കോട്, കണ്ണൂർ ജില്ല.	Rs.33,58,996/- (As on 3rd September,`24)	Rs.28,35,000/- Rs2,83,500/-	6th Nov. 24 11AM-3PM	13th Nov.,24 2PM-3 PM	12th Nov , 24	ഭൗതികമായ ജപ്തി

മാറ്റക്സ്നെറ്റ് പ്രൈവറ്റ് ലിമിറ്റഡിന്റെ (യു.ആർ.എൽ ലിങ്ക് - https://assets.matexauctions.com) വെബ്സൈറ്റിലായിരിക്കും ഓൺലൈൻ ലേലം നടക്കുക. സ്ഥലം ജാമ്യമായി നൽകിയവർക്ക് നവംബർ 12, 2024 വൈകീട്ട് 5 മണിവരെ മുഴുവൻ തുകയും തിരിച്ചടക്കാനുള്ള അവസരം നൽകും. പണം തിരിച്ചടച്ചില്ലെങ്കിൽ മുൻകൂട്ടി നിശ്ചയിച്ചപ്രകാരം ജാമ്യവസ്തു വിൽപ്പന ചെയ്യുന്നതാണ്.
ലേലത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർക്ക് അവർ നൽകാൻ ഉദ്ദേശിക്കുന്ന വിലയ നിരതദ്രവ്യം (ഇ.എം.ഡി) ആർ.ടി.ജി.എസ്/ഡിമാൻഡ് ഡ്രാഫ്റ്റ് (ഡിഡി) (കോളം ഇയിൽ പരാമർശിക്കുന്ന വിധം) എന്നിവ സഹിതം അടച്ച കവറിൽ ഐ.സി.ഐ.സി.ഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ് എന്ന മുകളിൽ സൂചിപ്പിച്ചിരിക്കുന്ന വിലാസത്തിലേക്ക് നവംബർ 12 , 2024 വൈകീട്ട് 4 മണിക്ക് മുമ്പായി അയക്കേണ്ടതാണ്. താൽപര്യമുള്ള ബിഡ്ഡർമാർ രജിസ്ട്രേഷൻ ഫോമിന്റെയും ബിഡ് ടേംസ് ആൻഡ് കണ്ടീഷൻ ഫോമിന്റെയും ഒപ്പിട്ട കോപ്പി ഐ.സി.ഐ.സി.ഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ് എന്ന മുകളിൽ സൂചിപ്പിച്ചിരിക്കുന്ന വിലാസത്തിലേക്ക് നവംബർ 12, 2024 വൈകീട്ട് 5 മണിക്ക് മുമ്പായി അയക്കേണ്ടതാണ്. നിരതദ്രവ്യം, തുക, ഡിമാന്റ് ഡ്രാഫ്റ്റ് (ഡിഡി) എന്നിവ നാഷണലൈസ്ഡ്/ഷെഡ്യൂൾ ബാങ്കിൽ നിന്നും ഐ.സി.ഐ.സി.ഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡിന് ലേലം തിരുവനന്തപുരത്ത് മാറാവുന്ന വിധത്തിലുള്ള സംശയങ്ങൾ ഉള്ളവർക്കും ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡിന്റെ 9920807300 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. താഴെ ഒപ്പിട്ടിരിക്കുന്ന അംഗീകൃത ഓഫീസർക്ക് ഓഫറുകൾ അല്ലെങ്കിൽ ടെൻഡറുകൾ കാരണം കാണിക്കാതെ തന്നെ നിരസിക്കാനും സ്വീകരിക്കാനും നിർദ്ദേശിക്കാൻ അധികാരമുണ്ട്. വിശദമായ വ്യവസ്ഥകൾക്കും നിർദ്ദേശങ്ങൾക്കുമായി ഐസിഐസിഐ ബാങ്ക് ലിമിറ്റഡിന്റെ വെബ്സൈറ്റ് സന്ദർശിക്കുക https://www.icichfc.com/

തീയതി: 10.10.2024, സ്ഥലം: കേരള — **അംഗീകൃത ഓഫീസർ, ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്** :
CIN Number U65922MH1999PLC120106

ചന്ദ്രിക ക്ലാസിഫൈഡ്സ്

അധ്യാപക ഒഴിവ്

തലശ്ശേരി വിദ്യാഭ്യാസ ജില്ലയിലെ ഒരു എയിഡഡ് സ്കൂളിൽ ഹൈസ്കൂൾ വിഭാഗം കായികാധ്യാപക ഒഴിവുണ്ട്.

ഫോൺ: 9747354786

CHANGE OF NAME

I, **HAJARA SYED SIRAJUDDIN**, HOLDING PASSPORT BEARING NO F2223781 ISSUED AT KOZHIKODE ON 20/01/2005, RESIDING AT KANTHAL PO BADOOR, KASARAGOD DIST, KERALA STATE -671321. HERE BY CHANGED MY NAME AS **HAJIRA GOLIYADI** HEREAFTER THE NEW NAME SHOULD APPEAR IN ALL DOCUMENTS.

നഷ്ടപ്പെട്ടു

കോഴിക്കോട് പാസ്പോർട്ട് ഓഫീസിൽ നിന്ന് 02/02/2007ന് ഇഷ്യു ചെയ്ത എന്റെ G1116308 നമ്പർ പാസ്പോർട്ട് യാത്രാമധ്യേ നഷ്ടപ്പെട്ടിരിക്കുന്നു. കണ്ടുകിട്ടുന്നവർ താഴെ കാണുന്ന വിലാസത്തിലോ അടുത്തുള്ള പോലീസ് സ്റ്റേഷനിലോ അറിയിക്കുവാൻ താൽപര്യം. അല്ലാത്തപക്ഷം ഡ്യൂപ്ലിക്കേറ്റിന് അപേക്ഷിക്കുന്നതാണ്.

NOUSHAD CHOLAKKANDY
ARINCHIKOOL
ERANHIKOOL HOUSE, ARALAM
ARALAM PO, 670704

ഫസ്ഖ് പരസ്യം

നഫീസത്തുൽ മിസ്‌രിയ എം.കെ, D/o കമാൽ പാലായങ്കണ്ടി, പി.കെ. ഹൗസ്, വളവുപാലം, ഇരിക്കൂർ പി.ഒ എന്ന ഞാനും ശിഹാബുദ്ദീൻ പി.പി, S/o ബഷീർ.കെ, കുറ്റ്യാട്ടൂർ, കുരിക്കച്ചാലിൽ ഹൗസ്, നിയർ പാവന്നൂർ ജുമാമസ്ജിദ്, പാവന്നൂർ എന്നയാളും തമ്മിൽ 23.06.2019ന് ഇസ്‌ലാം മതാചാര പ്രകാരം നിക്കാഹ് ചെയ്തവരാണ്. എന്നാൽ 4 വർഷത്തോളമായി ഇയാൾ എനിക്ക് ചെലവിന് തരികയോ ഞാനുമായി ബന്ധപ്പെടുകയോ ചെയ്യുന്നില്ല. ആയതിനാൽ പരസ്യം വന്ന് 15 ദിവസത്തിനുള്ളിൽ എന്റെ സംരക്ഷണം ഏറ്റെടുക്കാത്തപക്ഷം മുസ്‌ലിം മതാചാര പ്രകാരം വിവാഹബന്ധം ഫസ്ഖ് ചെയ്യുമെന്ന് ഇതിനാൽ അറിയിക്കുന്നു.

എന്ന്, (ഒപ്പ്)
നഫീസത്തുൽ മിസ്‌രിയ എം.കെ
പി.കെ.ഹൗസ്, വളവുപാലം
ഇരിക്കൂർ, പി.ഒ

ഇരിക്കൂർ
09.10.2024

WANTED TEACHERS

For an Aided Higher Secondary School in Palakkad District.

- **HSST** 1. GEOGRAPHY
  2. MALAYALAM
  3. POLITICAL SCIENCE
  4. HISTORY
  5. MUSIC
- **HST** 1. ARABIC

Apply to Email :
neweducationkerala@gmail.com
Contact: **09539768899**

CHANGE OF NAME

I, **AFSATH SAFIYA MANZIL**, PASSPORT NO: M 4982681, ISSUED AT KOZHIKODE ON 01-01-2015, RESIDING ATAL JAAZ, ORIKARA, P.O KADACHIRA, KANNUR DIST., KERALA-670621. HAVE CHANGED MY NAME AS **AFSATH CHERIYA NALAKATH**

CHANGE OF NAME

I ANUSHUDDEEN ASHRAF BEKAL , BEKAL HOUSE, PUTHIYAKADAPPURAM RD, BEKAL FORT PO, KASARAGOD, 671316, HEREBY CHANGED MY DAUGHTER 'S NAME FROM *KADEEJATH RANA (HOLDER OF PASSPORT NO. T3422143. ISSUED AT KOZHIKODE ON 24-04-2019) TO KADEEJATH RANA BEKAL*,RANA MANZIL ,BEKAL, BEKAL FORT P O, KASARAGOD, 671316

CHANGE OF NAME

I, **SEMEERA**, W/O. P NIZAR, HOLDER OF PASSPORT NO. E613097, ISSUED AT KOZHIKODE ON 29/04/1989. RESIDING AT BAITHUL SALAAH, NALUVAYAL P.O, KANNUR CITY, KANNUR DT-670003. HAVE CHANGED MY NAME AS **SAMEERA PUTHIYA KACHAKAYINTA VIDA**.

അറിയിപ്പ്

VINEESH M, S/o Kunhiraman M, Mudakkudiyan House, Kunhimangalam, P O Edat,KANNUR DT. Mob: 9656221182 എന്നവരുടെ പേരിലുള്ള KL 13 AQ 9017 നമ്പർ ഹോണ്ട ഡിയോ സ്കൂട്ടറിന്റെ ആർസി ബുക്കിന്റെ ഒറിജിനൽ രേഖകൾ യാത്രാമധ്യേ നഷ്ടപ്പെട്ടു. പുതിയ ആർസി ബുക്കിന് അപേക്ഷ ലഭിച്ചിട്ടുണ്ട്. ഡ്യൂപ്ലിക്കേറ്റ് ആർസി ബുക്ക് നൽകുന്നതിൽ പരാതിയോ ആക്ഷേപമോ ഉണ്ടെങ്കിൽ 15 ദിവസത്തിനുള്ളിൽ പയ്യന്നൂർ ആർടിഒയെ രേഖാമൂലം അറിയിക്കേണ്ടതാണ്. നിശ്ചിത തിയതി കഴിഞ്ഞ് ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതല്ല.

എന്ന്, ആർടിഒ പയ്യന്നൂർ

CHANGE OF NAME

I,**ARSHAD**,PASSPORT NO: W 0395478,ISSUED AT KOZHIKODE ON 20-05-2022,RESIDING AT SAFIYAS, NEAR SIDDIQ PALLI,PUTHIYANGADI,P.O.MADAYI,KANNUR DIST.,KERALA-670304.HAVE CHANGED MY NAME AS **ARSHAD PUZHAKKAL**

നഷ്ടപ്പെട്ടു

കോഴിക്കോട് പാസ്പോർട്ട് ഓഫീസിൽ നിന്ന് 05.02.2019ന് ഇഷ്യു ചെയ്ത എന്റെ Z 3685322 നമ്പർ പാസ്പോർട്ട് യാത്രാമധ്യേ നഷ്ടപ്പെട്ടിരിക്കുന്നു. കണ്ടുകിട്ടുന്നവർ താഴെ കാണുന്ന വിലാസത്തിലോ അടുത്തുള്ള പോലീസ് സ്റ്റേഷനിലോ അറിയിക്കുവാൻ താൽപര്യം. അല്ലാത്തപക്ഷം ഡ്യൂപ്ലിക്കേറ്റിന് അപേക്ഷിക്കുന്നതാണ്.

NAVAS POOCHAKADU
NASREENA MANZIL
POOCHAKKAD, P.O PALLIKERE
KASARGOD 671316(PIN)

അറിയിപ്പ്

Musthafa.V.P, Muneer Nivas, Shadulipally, P.O.Kottali, Kannur, Ph: 9895616965 എന്നവരുടെ പേരിലുള്ള KL 11 AH 2400 നമ്പർ Maruti Zen Estilo കാറിന്റെ ആർസി ബുക്കിന്റെ ഒറിജിനൽ രേഖകൾ യാത്രാമധ്യേ നഷ്ടപ്പെട്ടു. പുതിയ ആർസി ബുക്കിന് അപേക്ഷ ലഭിച്ചിട്ടുണ്ട്. ഡ്യൂപ്ലിക്കേറ്റ് ആർസി ബുക്ക് നൽകുന്നതിൽ പരാതിയോ ആക്ഷേപമോ ഉണ്ടെങ്കിൽ 15 ദിവസത്തിനുള്ളിൽ കണ്ണൂർ ആർടിഒയെ രേഖാമൂലം അറിയിക്കേണ്ടതാണ്. നിശ്ചിത തിയതി കഴിഞ്ഞ് ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതല്ല.

എന്ന്, ആർടിഒ കണ്ണൂർ

ചന്ദ്രിക

Disclaimer: ഈ പത്രത്തിൽ പ്രസിദ്ധീകരിച്ച ഏതെങ്കിലും പരസ്യങ്ങളോടു പ്രതികരിക്കും മുമ്പ് അതിന്റെ സത്യാവസ്ഥയെ കുറിച്ച് പരിശോധിക്കുകയും ആവശ്യമായ അന്വേഷണങ്ങൾ നടത്തി സ്വയം തൃപ്തരാകുകയും വേണമെന്ന് വായനക്കാരോട് അഭ്യർത്ഥിക്കുന്നു. ഈ പത്രത്തിന്റെ ഉടമസ്ഥരായ ദി മുസ്‌ലിം പ്രിന്റിങ് ആന്റ് പബ്ലിഷിങ് കമ്പനി ലിമിറ്റഡ് ഏതെങ്കിലും പരസ്യത്തിന്റെയോ പരസ്യക്കാരന്റെയോ ഏതെങ്കിലും പരസ്യക്കാരന്റെ ഉൽപന്നങ്ങളുടെയോ/സേവനത്തിന്റെയോ ആധികാരികതയെ സംബന്ധിച്ച് ഉറപ്പു നൽകുന്നില്ല. ഈ ദിനപത്രത്തിലെ പരസ്യങ്ങളുമായി ബന്ധപ്പെട്ട് ഏതെങ്കിലും വിധത്തിലുള്ള അവകാശവാദങ്ങൾക്കോ നഷ്ടങ്ങൾക്കോ ഒരു കാരണത്താലും ഈ ദിനപത്രത്തിന്റെ/കമ്പനിയുടെ ഉടമസ്ഥർ, പ്രസാധകർ, പ്രിന്റർ, പത്രാധിപർ, ഡയറക്ടർമാർ, തൊഴിലാളികൾ ഉത്തരവാദികളോ/ബാധ്യസ്ഥരോ ആയിരിക്കുന്നതല്ല.